പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4514 — 17.12. 2014 ൽ മറുപടിക്ക്.

## കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. പി. കെ. ബഷീർ :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ സാധാരണ പരിശോധനയും സ്ക്വാഡ് പരിശോധനയും നടത്തി, വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷയും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) നിയമ നിർമ്മാണം അതിന്റെ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇവരുടെ ജോലി സമയത്തിന്റെ കാര്യത്തിൽ നിയന്ത്രണം നിലവിലുണ്ടോ ;എങ്കിൽ ആയത് വ്യക്തമാക്കുമോ; | (ബി) കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിന്റെ 9-ാം വകുപ്പ് പ്രകാരം തൊഴിലാളികളുടെ ജോലി സമയം നിശ്ചയിച്ചിട്ടുണ്ട്. ഒരു തൊഴിലാളിയ്ക്ക് ഒരു ദിവസത്തെ ജോലി സമയം (സ്പ്രെഡ് ഓവർ) വിശ്രമവേളയുൾപ്പെടെ പരമാവധി പത്തര മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. |

(സി) ഇടപാടുകൾ നടക്കാത്ത സമയത്തുപോലും ഇരിക്കാനുള്ള സൗകര്യം നല്കാതെ പ്രസ്തുത തൊഴിലാളികൾ മണിക്കൂറുകൾ തുടർച്ചയായി നിൽക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെങ്കിലും നിയമ നടപടിക്ക് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ ജീവനക്കാർക്ക് വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമത്തിൽ ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.